"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം - ഡോ.രാജേഷ്.എസ്.ആർ ഫയൽ ചെയ്ത ഒഎ 1145/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 30-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് - അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2656/2023/H&FWD തീയതി,തിരുവനന്തപുരം, 12-10-2023

പരാമർശം:- 1. സഉ (സാധ) 1518/2023/ആകുവ തീയതി 26.06.2023

2. സഉ (സാധ) 1603/2023/ആകുവ തീയതി 04.07.2023

3 ഡോ.രാജേഷ് എസ്.ആർ സമർപ്പിച്ച അപ്പീൽ അപേക്ഷ

4. ഡോ.രാജേഷ് എസ്.ആർ ഫയൽ ചെയ്ത ഒഎ 1145/2023 നമ്പർ കേസിൽ ബഹു.ട്രിബ്യൂണൽ 30.06.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്

ഉത്തരവ്

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ, തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിലിലെ ഡിസ്പെൻസറിയിൽ അസിസ്റ്റന്റ് സർജനായ ഡോ. രാജേഷ്.എസ്.ആർ-നെ പത്തനംതിട്ട ജില്ലയിലെ കൊക്കാത്തോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റിയിരുന്നു. പ്രസ്തുത നടപടിക്രമത്തിനെതിരായി ഡോരാജേഷ്.എസ്.ആർ പരാമർശം (3) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ടിയാൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും ഒഎ 1145/2023 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസിൽ ബഹു ട്രിബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ രൂപീകരിച്ച അപ്പീൽ കമ്മിറ്റിയോട് ടിയാനെ നേരിൽ കേൾക്കുന്നതിനും ടിയാന്റെ അപ്പീൽ പരിശോധിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

(2) തുടർന്ന്, ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ അപ്പീൽ

491832

GOVERNMENT OF KERALA 2017-18

പരിശോധിക്കുന്നതിന് പരാമർശം (1) ,(2) എന്നിവ പ്രകാരം രൂപീകരിച്ച കമ്മിറ്റി അപേക്ഷകനെ നേരിൽ കേൾക്കുകയുണ്ടായി . പ്രസ്തുത വേളയിൽ അപേക്ഷകനായ ഡോ.രാജേഷ് .എസ്.ആർ തനിക്ക് നിലവിൽ, സ്ഥലംമാറ്റം സംബന്ധിച്ച് പരാതിയൊന്നും ഇല്ല എന്നറിയിക്കുകയുണ്ടായി ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിൻമേലുള്ള നടപടികൾ അവസാനിപ്പിച്ച് അപ്പീൽ അപേക്ഷ തീർപ്പാക്കി പരാമർശം (4) പ്രകാരമുള്ള ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം(ആമുഖക്കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം

ഡോ.രാജേഷ്.എസ്.ആർ ,അസിസ്റ്റന്റ് സർജൻ ,പ്രാഥമികാരോഗ്യ കേന്ദ്രം , കൊക്കാത്തോട് ,പത്തനംതിട്ട

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 12-10-2023 21:27:08

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ2-12077/2023/ആ.വ.ഡ തീയതി 13.10.2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**